VIII. മരാമത്ത് വകുപ്പുമന്ത്രിക്കുവേണ്ടി തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

നോട്ടിഫിക്കേഷൻ നമ്പർ 3792/എച്ച്1/04/പി.ഡബ്ല്യു.ഡി. തീയതി 4-6-2004 (എസ്.ആർ.ഒ. നമ്പർ 573/04).

IX. സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

1. ജി.ഒ.(പി)നമ്പർ 74/04/സഹകരണം തീയതി 31-3-2004 (എസ്.ആർ.ഒ. നമ്പർ 265/04).
2. ജി.ഒ.(പി)നമ്പർ 114/04/സഹകരണം തീയതി 16-4-2004 (എസ്.ആർ.ഒ. നമ്പർ 446/04).
3. ജി.ഒ.(പി)നമ്പർ 126/04/സഹകരണം തീയതി 25-6-2004 (എസ്.ആർ.ഒ. നമ്പർ 546/04).
4. ജി.ഒ.(പി)നമ്പർ 131/04/സഹകരണം തീയതി 25-5-2004 (എസ്.ആർ.ഒ. നമ്പർ 605/04).

X. ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്): സർ, ഞാൻ താഴെക്കാണുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

കേരള ഖാദി ഗ്രാമവ്യവസായ ബോർഡിന്റെ 1998-99-ലെ വാർഷിക ഭരണ റിപ്പോർട്ട് കാലതാമസത്തിനുള്ള കാരണം കാണിക്കുന്ന സ്റ്റേറ്റ്മെന്റ് സഹിതം.

V. ക്രമപ്രശ്നം

ജസ്റ്റിസ് മോഹൻകുമാർ കമ്മീഷൻ റിപ്പോർട്ട് സഭയുടെ മേശപ്പുറത്തു വയ്ക്കുന്നതിലുണ്ടാകുന്ന കാലതാമസം സംബന്ധിച്ച്

ശ്രീ. എ. കെ. ബാലൻ: സർ, കല്ലുവാതുക്കൽ മദ്യ ദുരന്തവുമായി ബന്ധപ്പെട്ട് അന്വേഷണത്തിനായി നിയോഗിക്കപ്പെട്ട ജസ്റ്റിസ് മോഹൻകുമാർ കമ്മീഷൻ റിപ്പോർട്ട് 25-2-2003-ന് സർക്കാരിന് നൽകിയതാണ്. മൂന്നു പ്രാവശ്യം ഞാൻ ഈ അസംബ്ലിയിൽ ഈ പ്രശ്നം കൊണ്ടുവന്നതാണ്. ആറ് മാസത്തിനുള്ളിൽ ആക്ഷൻ ടേക്കൺ റിപ്പോർട്ടോടുകൂടി ഈ മേശപ്പുറത്ത് വയ്ക്കേണ്ടതാണ്. 5-7-2004-ന് എന്റെ ചോദ്യത്തിന് ഉത്തരമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് ജസ്റ്റിസ് മോഹൻകുമാർ കമ്മീഷൻ റിപ്പോർട്ട് 25-2-2003-ന്

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റിന് കിട്ടിയിട്ടുണ്ട് എന്നാണ്. കമ്മീഷൻ ഓഫ് എൻക്വയറീസ് ആക്ടിലെ വ്യവസ്ഥയനുസരിച്ച് ഈ റിപ്പോർട്ട് ആറു മാസത്തിനുള്ളിൽ നിയമസഭയിൽ സമർപ്പിക്കേണ്ടതാണ്. റിപ്പോർട്ടിലെ ശുപാർശകൾ പൂർണ്ണമായി നടപ്പിലാക്കാത്ത സാഹചര്യത്തിലാണ് റിപ്പോർട്ട് സഭയിൽ സമർപ്പിക്കാത്തത് എന്നാണ് പറഞ്ഞത്. റിപ്പോർട്ടിലെ ശുപാർശകൾ പൂർണ്ണമായും നടപ്പാക്കിയിട്ടില്ല ഈ റിപ്പോർട്ട് മേശപ്പുറത്ത് വയ്ക്കേണ്ടത്. ഗവൺമെന്റ് ഇതിനു മുകളിൽ എന്ത് ആക്ഷനാണ് എടുക്കുന്നത്? ആ ആക്ഷൻ ടേക്കൺ റിപ്പോർട്ട് അടക്കം ഈ കമ്മീഷൻ റിപ്പോർട്ട് നിയമസഭയ്ക്ക് മുമ്പാകെ വയ്ക്കണം. എന്തുകൊണ്ടാണ് ഇത്രയും കാലതാമസം വന്നത്? മൂന്നു പ്രാവശ്യം ഞാൻ ഈ നിയമസഭയിൽ കൊണ്ടുവന്നു. കഴിഞ്ഞ സഭയിൽ ബഹുമാനപ്പെട്ട സ്പീക്കർ ഇത് സഭയിൽ വയ്ക്കേണ്ടതാണ്, വയ്ക്കാതിരുന്നത് തെറ്റാണ്, എന്ന് പറഞ്ഞിരുന്നു. ഈ സഭയിൽ വീണ്ടും കൊണ്ടു വന്നു. മുഖ്യമന്ത്രി വ്യക്തമായ മറുപടി പറഞ്ഞിട്ടില്ല. എന്തിനാണ് ഈ റിപ്പോർട്ട് പൂഴ്ത്തി വയ്ക്കുന്നത്? ഇത് ഗവൺമെന്റിന്റെ കൈയിൽ കിട്ടിയിട്ട് ഒന്നര വർഷമായി.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, ഈ സഭയിൽ തന്നെ ബഹുമാനപ്പെട്ട ബാവയുടെ ചോദ്യത്തിന് ഉത്തരമായി 5-7-2004 -ന് ഞാൻ ഇതേ വിഷയത്തെക്കുറിച്ച് മറുപടി പറഞ്ഞിട്ടുള്ളതാണ്. ജസ്റ്റിസ് മോഹൻകുമാർ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകളിൻമേലുള്ള നടപടികൾ ബന്ധപ്പെട്ട വകുപ്പിൽ നടന്നു വരുന്നതേയുള്ളു. നിയമ ഭേദഗതികൾ ഉൾപ്പെടെയുള്ള നടപടികൾ ആവശ്യമായി വന്നിട്ടുണ്ട്. ഈ സാഹചര്യത്തിൽ നടപടികൾ പൂർണ്ണമായി കഴിഞ്ഞാൽ മാത്രമേ ആക്ഷൻ ടേക്കൺ റിപ്പോർട്ടോടുകൂടി മേശപ്പുറത്തു വയ്ക്കാൻ സാധിക്കുകയുള്ളു. ചില നിയമ ഭേദഗതികൾ വന്നിട്ടുണ്ട്. അതുകൊണ്ടാണ് ഡിലേ വന്നിട്ടുള്ളത്. അല്ലാതെ ഗവൺമെന്റ് മനഃപൂർവ്വം താമസിപ്പിക്കുന്നതല്ല. അത് എത്രയോ പ്രാവശ്യം ആവർത്തിച്ചതാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): നിയമസഭാ ചട്ടം അനുസരിച്ച് അതു മതി. ഡിലേ സ്റ്റേറ്റ്മെന്റുകൂടി അതിൽ വച്ചാൽ മതി.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: റിപ്പോർട്ട് പൂർണ്ണമായും നടപ്പാക്കുക എന്നു പറഞ്ഞാൽ എത്ര കൊല്ലം പിടിക്കും? യഥാർത്ഥത്തിൽ അതിന്റെ ആവശ്യമില്ല. ചെയ്ത കാര്യം വച്ചുകൊണ്ട് റിപ്പോർട്ട് കിട്ടണം. ഇവിടെ ഭരണകക്ഷിക്ക് എതിരായുള്ള പരാമർശം ഉള്ളതുകൊണ്ടാണ് ആ റിപ്പോർട്ട് വയ്ക്കാത്തത്. അതാണ് അതിന്റെ അടിസ്ഥാനം.

മുഖ്യമന്ത്രി: കഴിയുന്നത്രവേഗം തന്നെ ആക്ഷൻ ടേക്കൺ റിപ്പോർട്ടോടുകൂടി ഈ സഭയിൽ കൊണ്ടുവന്ന് കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് ചെയ്ത കാര്യങ്ങൾ ജനങ്ങളുടെ വെളിച്ചത്ത് കൊണ്ടുവരും.

LIBRARY ARCHIVES Kerala Legislative Assembly